# കുടുംബശ്രീ മിഷൻ

## 'സമഗ്രപദ്ധതി'-മൃഗസംരക്ഷണ മേഖല സംരംഭങ്ങൾ മാർഗ്ഗനിർദ്ദേശങ്ങൾ

**ആമുഖം**

കുടുംബശ്രീ മിഷൻ രൂപീകൃതമായതു മുതൽ സ്ത്രീകളുടെ സാമൂഹ്യ ശാക്തീകരണത്തോടൊപ്പം സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ട് റൂറൽ മൈക്രോ എന്റർപ്രൈസസ് (RME) പദ്ധതി മുഖാന്തിരം വരുമാനദായക പ്രവർത്തനങ്ങളായി വിവിധ മേഖലകളിലെ സംരംഭക പ്രവർത്തനങ്ങൾ വ്യക്തിഗത സംരംഭങ്ങൾ/ഗ്രൂപ്പ് സംരംഭങ്ങൾ എന്നിങ്ങനെ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

റൂറൽ മൈക്രോ എന്റർപ്രൈസസ് (RME) സംരംഭങ്ങളിൽ ഭൂരിപക്ഷം വരുന്ന കുടുംബശ്രീ അംഗങ്ങളും താൽപ്പര്യം പ്രകടിപ്പിക്കുന്നതും ഏറ്റെടുത്ത് നടത്തി വരുന്നതും സ്ത്രീപക്ഷ-സ്ത്രീ സൗഹൃദ പ്രവർത്തനങ്ങളായ മൃഗസംരക്ഷണ മേഖല സംരംഭങ്ങളാണ്.

ഇപ്പോൾ എല്ലാ ജില്ലകളിലും കുടുംബശ്രീ ജില്ലാ മിഷനുകൾ വഴി സിഡിഎസ് തലത്തിൽ ഒരു ഗ്രൂപ്പിൽ 5 അംഗങ്ങളടങ്ങുന്ന ജെഎൽജി രൂപീകരിച്ച് സമഗ്ര ഗ്രൂപ്പ് സംരംഭങ്ങളായി മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു വരുന്നു. ആടുഗ്രാമം പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 5 ആട്ടിൻകുട്ടികൾ എന്ന രീതിയിൽ ചുരുങ്ങിയത് 5 യൂണിറ്റുകളായും, ക്ഷീരസാഗരം പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 2 കറവപ്പശുക്കൾ എന്ന രീതിയിൽ ചുരുങ്ങിയത് 2 ഗ്രൂപ്പുകൾ എന്ന രീതിയിലുമാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതികൾ രണ്ടിനും ബാങ്ക് ലോൺ, ഗുണഭോക്തൃ വിഹിതം എന്നിവയ്ക്കൊപ്പം കുടുംബശ്രീ മിഷൻ ധനസഹായമായി ഒരു ഗുണഭോക്താവിന് 10,000 രൂപയുമാണ് ഇപ്പോൾ അനുവദിച്ചു വരുന്നത്.

ഭക്ഷ്യസുരക്ഷ (Food Security & Food Safety) ലക്ഷ്യമാക്കി സംശുദ്ധമായ പാൽ, മുട്ട, ഇറച്ചി എന്നിവകളുടെ ഉത്പാദനവും, സ്വയം പര്യാപ്തതയും, കുടുംബശ്രീ അംഗങ്ങൾക്ക് അധികവരുമാനവും മുൻനിർത്തി വരും ദിനങ്ങളിൽ നിലവിലുള്ള രണ്ട് പദ്ധതികൾക്കൊപ്പം **സമഗ്ര മാംസോത്പാദന പദ്ധതി**

മുഖേന പോത്തുകുട്ടി/മൂരിക്കുട്ടി/പന്നിപരിപാലനം എന്നിവയും **സമഗ്ര അടുക്കളത്തോട്ട മുട്ടകോഴി പരിപാലനം, സമഗ്ര താറാവ് വളർത്തൽ** എന്നിവയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സാമൂഹ്യ സംഘടനാ സംവിധാനങ്ങളായ ജില്ലാ കൺസൾട്ടന്റ്, മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ് (MEC), റിസോഴ്സ് പേഴ്സൺ(RP), എന്നിവർ വഴി നടപ്പിലാക്കുന്ന പദ്ധതി രൂപീകരണം, പരിശീലനം, പദ്ധതി നടപ്പാക്കൽ, മോണിറ്ററിംഗ് എന്നിവ കുടുംബശ്രീ ആർഎംഇ സംരംഭങ്ങളുടെ എടുത്തു പറയത്തക്ക സവിശേഷതകളാണ്.

കുടുംബശ്രീ അംഗങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുകയും അവർക്ക് അധിക വരുമാനം ഉറപ്പു വരുത്തുകയുമാണ് ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് താഴെപറയുന്ന മാർഗ്ഗരേഖ സഹായമാവും

## 1. മുന്നൊരുക്കങ്ങൾ

1.a. പദ്ധതിയ്ക്ക് വേണ്ടി തിരഞ്ഞെടുക്കുന്ന പ്രദേശം പദ്ധതിയ്ക്ക് അനുയോജ്യമായ വിഭവങ്ങൾ ഉള്ളതാണെന്ന് ഉറപ്പുവരുത്തണം. പ്രദേശത്തിന്റെ പാരിസ്ഥിതിക കാരിയിംഗ് കപ്പാസിറ്റി അനുസരിച്ചായിരിക്കണം എത്ര ഗ്രൂപ്പുകൾ വേണമെന്ന് തീരുമാനിക്കേണ്ടത്.

1.b. സി ഡി എസ് തലത്തിൽ പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, സി ഡി എസ് ചെയർപേഴ്സൺ, എ ഡി എം സി , എംഇ കൺസൽട്ടന്റ്, വെററിനറി സർജൻ/സീനിയർ വെററിനറി സർജൻ എന്നിവരടങ്ങുന്ന സമിതി ഡി എം സി രൂപീകരിച്ച് ഉത്തരവാകണം

## 2. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്

2.a. സി ഡി എസ് മുഖേന നിലവിലുള്ള ആർ.എം.ഇ ഗൈഡ്‌ലൈൻ പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതും പരിശീലനം നൽകേണ്ടതുമാണ്.

2.b. സംരഭകരെ തിരഞ്ഞെടുക്കുമ്പോൾ പുനർജ്ജനി,എസ്‌സി/എസ്ടി,അടിസ്ഥാന സൗകര്യമുള്ളവർ, എം.കെ.എസ്.പി, ജെ.എൽ.ജി അംഗങ്ങൾ എന്നിവർക്ക് മുൻഗണന കൊടുക്കണം

2.c. മൃഗസംരക്ഷണ മേഖലയിൽ താത്പര്യമുള്ളവരും, സമഗ്ര പദ്ധതി പ്രകാരം കൂട്ടായ പ്രവർത്തനം നടത്താൻ സന്നദ്ധരായവരും ആയിരിക്കണം

## 3. ഡോക്യുമെന്റേഷൻ

3.a.ആർ.എം.ഇ ഗൈഡ്ലൈൻ പ്രകാരമാണ് പദ്ധതിയ്ക്ക് ഡോക്യുമെന്റേഷൻ നടത്തേണ്ടത്.

3.b.പദ്ധതി രേഖയിൽ ഗുണഭോക്താക്കളുടെ പേര്, അഡ്രസ്സ്, വയസ്സ്, എ.ഡി.എസ്സിന്റെ പേര്, അയൽക്കൂട്ടത്തിന്റെ പേര്, വാർഡ് നമ്പർ, ഗ്രൂപ്പിന്റെ പ്രസിഡന്റിന്റേയും, സെക്രട്ടറിയുടെയും പേര്, ബാങ്ക് അപ്രൂവൽ ലെറ്റർ, അഞ്ച് ഗുണഭോക്താക്കളുടെയും തിരിച്ചറിയാനുതകുന്ന ഗ്രൂപ്പ് ഫോട്ടോ എന്നിവ ഉണ്ടായിരിക്കണം.

3.c.പദ്ധതിയിലുൾപ്പെടുന്ന ഓരോ യൂണിറ്റും പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. ആയതിന്റെ മാതൃക ജില്ലാമിഷൻ ലഭ്യമാക്കേണ്ടതാണ്.

3.d.മാസത്തിലൊരിക്കൽ ഗ്രൂപ്പ് അംഗങ്ങൾ യോഗം ചേർന്ന് സംരംഭനടത്തിപ്പിനെക്കുറിച്ചും വരവുചെലവു കണക്കുകളും അവലോകനം നടത്തി മിനിട്ട്സ് രേഖപ്പെടുത്തണം.

3.e.എം.ഇ.സി, സി.ഡി.എസ് എന്നിവരുടെ നേതൃത്വത്തിൽ സംരംഭ യോഗം നടത്തി ആയതിന്റെ റിപ്പോർട്ട് 1b പ്രകാരമുള്ള കമ്മിറ്റിയുടെ ശുപാർശയോടെ ജില്ലാമിഷനിൽ സമർപ്പിക്കേണ്ടതാണ്.

3.f.പദ്ധതി സംബന്ധിച്ച് എം.ഐ.എസ് സംവിധാനത്തിൽ വിവരങ്ങൾ സി.ഡി.എസ് രേഖപ്പെടുത്തേണ്ടതാണ്.

## 4. പ്രോജക്ട് റിപ്പോർട്ട്

4.a .ഓരോ പഞ്ചായത്തിനും ഒരു പദ്ധതി എന്ന നിലയ്ക്കാണ് പദ്ധതി രേഖ തയ്യാറാക്കേണ്ടത്.

4.b. സി.ഡി.എസ് തലത്തിൽ തയ്യാറാക്കുന്ന ഒരു പ്രോജക്ടിന് എം ഇ സിമാർക്ക് നൽകാവുന്ന പരമാവധി വേതനം 2500/- രൂപയായിരിക്കും. അധികംവരുന്ന ഒരോയൂണിറ്റിനും 250 രൂപ വീതം നൽകാവുന്നതാണ്

4.c. പദ്ധതി നിർവ്വഹിക്കുന്നതിനുള്ള പഞ്ചായത്തിന്റെ പാരിസ്ഥിതികമായ വിവരങ്ങൾ ഉൾപ്പെടുത്തി വേണം പദ്ധതി തയ്യാറാക്കേണ്ടത്. മറ്റു സമാന പദ്ധതികളിൽ നിന്നും കോപ്പി ചെയ്തു തരുന്ന പ്രോജക്ടുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

## 5. പ്രോജക്റ്റ് അംഗീകരിക്കുന്ന രീതി

5.a.ആർ.എം.ഇ മാനദണ്ഡങ്ങൾ പ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് ജി.ഒ.റ്റി, ഇ.ഡി.പി, സ്കിൽ ട്രെയിനിംഗ് എന്നിവ പൂർത്തീകരിച്ച് ബാങ്ക് ലോൺ അപ്രൂവൽ ലെറ്റർ സഹിതം അപേക്ഷകൾ സി.ഡി.എസ്സ് 3b(3ബി) പ്രകാരമുള്ള രേഖകൾ സഹിതം ജില്ലാമിഷന് സമർപ്പിക്കണം. ഈ അപേക്ഷകൾ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, ആർ.എം.ഇ ഗൈഡ്ലൈൻ പ്രകാരമാണോ എന്ന് വെരിഫൈ ചെയ്ത് പകർപ്പ് ജില്ലാമിഷനിൽ സൂക്ഷിച്ച്, ആവശ്യമായ രേഖകൾ സഹിതം സംസ്ഥാനമിഷനിൽ സമർപ്പിക്കണം.

5.b.പദ്ധതി മാനദണ്ഡങ്ങൾക്കു വിധേയമായി അനുമതിയും പദ്ധതി തുകയും ഹെഡ്ഓഫീസിൽ നിന്നും നൽകുന്നതാണ്

## 6. ചുമതലകൾ

### 6. a ജില്ലാ മിഷൻ

6.a1 സി ഡി എസ് തലത്തിൽ പദ്ധതിയെകുറിച്ച് അവബോധം നൽകുകയും പദ്ധതിക്കനുയോജ്യമായ പഞ്ചായത്തുകൾ തിരഞ്ഞെടുക്കുകയും ചെയ്യുക

6.a2 പദ്ധതിയുമായി ഇതരവകുപ്പുകളുടെയും ത്രിതല പഞ്ചായത്തുകളുടെയും സംയോജനം ഉറപ്പുവരുത്തുക

6. a3 ജില്ലാതലമോണിറ്ററിംഗ് സമിതിയും സി ഡി എസ് തലപദ്ധതിനടത്തിപ്പ് സമിതിയും രൂപീകരിക്കുക

6. a4 പ്രതിമാസ അവലോകന യോഗത്തിൽ ടി പദ്ധതിയും ഉൾപ്പെടുത്തുക

### 6. b സി ഡി എസ്

6. b1 പദ്ധതിയിലുൾപ്പെട്ട യൂണിറ്റുകളുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുക

6. b2 വിവരങ്ങൾ എം.ഐ.എസ് സംവിധാനത്തിൽ രേഖപ്പെടുത്തുക

6.b3 സംരഭകയൂണിറ്റിന് എംഇസി, മോണിറ്ററിംഗ് സമിതി എന്നിവയുടെ സഹകരണം ഉറപ്പുവരുത്തുക

6.b4 പദ്ധതി നടത്തിപ്പു തുടങ്ങിയാൽ ഓരോ ഗുണഭോക്താവും അവരവരുടെ പദ്ധതി മുഖേനയുള്ള കൂടിന്റെയും മൃഗങ്ങളുടെയും അരികിൽ നിന്നും ഫോട്ടോ എടുത്ത് ഇത് സി.ഡി.എസ്സിൽ സൂക്ഷിക്കേണ്ടതാണ്

## 6. c എം ഇ സി

6.c1 എം.ഇ.സി മാർക്ക് ആടുഗ്രാമം, ക്ഷീരസാഗരം, സമഗ്ര പോത്തുവളർത്തൽ, കോഴിഗ്രാമം, സമഗ്ര താറാവുവളർത്തൽ പദ്ധതികൾക്കായി പ്രത്യേകം പരിശീലനം സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്. ഈ പരിശീലനം ലഭിച്ച എം.ഇ.സി മാരെ മാത്രമേ ടി പദ്ധതികൾക്കായി ചുമതലപ്പെടുത്തേണ്ടത്.

6.c2 എം.ഇ.സിമാർ എല്ലാ മാസവും യൂണിറ്റ് സന്ദർശിച്ച് റിപ്പോർട്ട് തയാറാക്കേണ്ടതാണ്. പ്രതിമാസസന്ദർശന റിപ്പോർട്ട് സി ഡി എസ്,ജില്ലാ മിഷൻ എന്നിവർക്ക് നൽകേണ്ടതാണ്

6.c3 എം ഇ സിമാരുടെ നേതൃത്വത്തിൽ 3 മാസത്തിലൊരിക്കൽ സി.ഡി.എസ് തല അവലോകന യോഗം കൂടേണ്ടതാണ്, ഈ യോഗത്തിൽ സംരഭക യൂണിറ്റ് പ്രതിനിധികൾ, വെറ്ററിനറി ഡോക്ടർ, സിഡിഎസ് ചെയർപേഴ്സൺ, സമഗ്ര/എം.കെ.എസ്.പി/എം.ഇ ബ്ലോക്ക് കോ-ഓർഡിനേറ്റർ തുടങ്ങിയവരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണം. ആയതിന്റെ റിപ്പോർട്ട് ജില്ലാമിഷനിൽ നൽകേണ്ടതാണ്. ഈ യോഗത്തിന്റെ ചിലവിനത്തിലേയ്ക്ക് 500 രൂപ എം.ഇ.സിയ്ക്ക് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ അനുവദിക്കാവുന്നതാണ്.

## 7. മോണിറ്ററിംഗ്

7.a പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ചിട്ടയോടു കൂടിയ മോണിറ്ററിംഗ് നടപ്പിലാക്കണം. സി.ഡി.എസ്, ജില്ലാതല സംഘടനാസംവിധാനത്തിന്റെ ചിട്ടയായ മോണിറ്ററിംഗ്, ഡോക്യുമെന്റേഷൻ എന്നിവ ഡിഎംസിമാർ ഉറപ്പുവരുത്തേണ്ടതും ബന്ധപ്പെട്ട രേഖകൾ അതാത് തലത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

## 8. പദ്ധതി നടത്തിപ്പ്

8.a. പദ്ധതിമാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മൃഗങ്ങളെ/പക്ഷികളെ വാങ്ങുന്നത്, ഉരുക്കളുടെ ആരോഗ്യപരിശോധന, ബന്ധപ്പെട്ട പ്രതിരോധ കുത്തിവെയ്പ്പുകൾ, ഇൻഷൂറൻസ് മുതലായവ സംബന്ധിച്ച മൃഗസംരക്ഷണ വകുപ്പിന്റേയും വെറ്ററിനറി സർജന്റേയും സഹായം ഉറപ്പുവരുത്തേണ്ടതാണ്. ആയതിന്റെ ചുമതല എം.ഇ.സി മാർക്ക് നൽകാവുന്നതും ടി ചുമതലയ്ക്ക്

എം.ഇ.സി ഗൈഡ്ലൈൻ പ്രകാരം എം.ഇ.സിമാർക്ക് ഓണറേറിയം നൽകാവുന്നതാണ്.

8.b. ഉരുക്കൾ,പക്ഷികൾ,അനുബന്ധ വസ്തുക്കൾ എന്നിവ വാങ്ങുന്നതിന് ഗവൺമെന്റ്/ഗവൺമെന്റ് അംഗീകൃത ഏജൻസികളിൽ നിന്നോ, ആടുകളെ വാങ്ങുന്നതിന് കുടുംബശ്രീ നടപ്പിലാക്കിയ ആടുഗ്രാമം പദ്ധതി വഴിയുള്ള ആടുചന്തകളിൽ നിന്നോ ആണെന്നും നിർദ്ദിഷ്ട സർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട് എന്നതും ഡി.എം.സിമാർ ഉറപ്പാക്കേണ്ടതാണ്.

8.c ഉരുക്കളെ വാങ്ങിയതിന്റെ വിശദവിവരങ്ങൾ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിനോടൊപ്പം ഡി.എം.സിമാർ സംസ്ഥാനമിഷനിൽ സമർപ്പിക്കേണ്ടതാണ്.

## 9. ധനസ്രോതസ്സ്

സ.ഉ(സാധ) നം. 2490/2014/തസ്വഭവ തീയതി 24/09/2014 പ്രകാരം കുടുംബശ്രീ മിഷൻ സമഗ്രപദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന മൃഗസംരക്ഷണ ഗ്രൂപ്പ് സംരംഭങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ 35% ധനസഹായം (ഇൻസെന്റീവ് / സബ്സിഡി) അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പട്ടിക പ്രകാരം പദ്ധതി ധനകാര്യവിശകലനം തയ്യാറാക്കാവുന്നതാണ്.

പ്രോഗ്രാം മാനേജർ (എ.എച്ച്)
കുടുംബശ്രീ സംസ്ഥാനമിഷൻ

| പദ്ധതി | പദ്ധതി വിവരം | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ചുരുങ്ങിയത് അഞ്ചുപേർ അടങ്ങുന്ന ഒരു ഗ്രൂപ്പിന് (രൂപയിൽ) | | | | | | | | | |
| | വാങ്ങുന്ന മൃഗസമ്പത്തിന്റെ വിവരം (എണ്ണം) | | പദ്ധതി വിഹിതം (രൂപ) | | ബാങ്ക് ലോൺ സബ്സിഡി തുക ഉൾപ്പെടുത്തി (രൂപ) | | ഗുണഭോക്തൃവിഹിതം (രൂപ) | | കുടുംബശ്രീ ഇൻസെന്റീവ് / സബ്സിഡി (പദ്ധതി തുകയുടെ 35% പരമാവധി) (രൂപ) | |
| | ഒരാൾക്ക് | 5 പേർക്ക് | ഒരാൾക്ക് | 5 പേർക്ക് | ഒരാൾക്ക് | 5 പേർക്ക് | ഒരാൾക്ക് | 5 പേർക്ക് | ഒരാൾക്ക് | 5 പേർക്ക് |
| ആടുഗ്രാമം | 4 ആട്ടിൻകുട്ടികൾ | 20 ആട്ടിൻകുട്ടികൾ | 30000 | 150000 | 28500 | 142500 | 1500 | 7500 | 10000 | 50000 |
| ക്ഷീരസാഗരം | 2 കറവപ്പശുക്കൾ | 10 കറവപ്പശുക്കൾ | 125000 | 625000 | 118750 | 593750 | 6250 | 31250 | 43750 | 218750 |
| മാംസ സുരക്ഷാ പദ്ധതി | 2 പോത്തുകുട്ടി<br>3 മൂരിക്കുട്ടി<br>5പന്നി | 10 പോത്തുകുട്ടി<br>15 മൂരിക്കുട്ടി<br>25പന്നി | 30000 | 150000 | 28500 | 142500 | 1500 | 7500 | 10000 | 50000 |
| അടുക്കളത്തോട്ട മുട്ടക്കോഴി പരിപാലനം | 20 കോഴികുഞ്ഞുങ്ങൾ (60-70 ദിവസം പ്രായം)+ കോഴിക്കൂട്+ തീറ്റ | 100 കോഴികുഞ്ഞുങ്ങൾ (60-70 ദിവസം പ്രായം)+ കോഴിക്കൂട്+ തീറ്റ | 15000 | 75000 | 14250 | 71250 | 750 | 3750 | 5000 | 25000 |
| താറാവ് വളർത്തൽ | 50 താറാവ് കുഞ്ഞുങ്ങൾ (90 ദിവസം പ്രായം)+ കൂട്+ തീറ്റ | 250 താറാവ് കുഞ്ഞുങ്ങൾ (90 ദിവസം പ്രായം)+ കൂട്+ തീറ്റ | 12000 | 60000 | 11400 | 57000 | 600 | 3000 | 4000 | 20000 |

പ്രോഗ്രാം മാനേജർ (എ.എച്ച്)
കുടുംബശ്രീ സംസ്ഥാനമിഷൻ

അനുബന്ധം. 1

# മാതൃകാ പ്രൊജക്ട് റിപ്പോർട്ട്

## ആമുഖം

- പഞ്ചായത്തിന്റെ വിവരങ്ങൾ
- നിലവിൽ പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിൽ, വരുമാന മാർഗ്ഗം
- പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പഞ്ചായത്തിന്റെ പാരിസ്ഥിതികമായ കാരിയിംഗ് കപ്പാസിറ്റി
- എന്തുകൊണ്ട് ഈ പദ്ധതി പഞ്ചായത്ത് തെരഞ്ഞെടുത്തു
- നിലവിലുള്ള സംരംഭകരുടെ എണ്ണം

## ചെയ്യുന്ന കാര്യങ്ങൾ

- ഗ്രൂപ്പായി ചെയ്യുന്ന കാര്യങ്ങൾ (activities in common) ഉദാ: വിപണനം
- ഗുണഭോക്താക്കൾ ഒറ്റയ്ക്കു ചെയ്യുന്ന കാര്യങ്ങൾ (activities as individual)

*കെ.എസ്സ്/ഡി/2048/2012 തിയതി 17.04.2012 - കാണുക*

## ഗുണഭോക്തൃ വിവരങ്ങൾ

| ഗ്രൂപ്പിന്റെ പേര് | ഗ്രൂപ്പിലെ അംഗങ്ങളുടെ പേര് | മേൽ വിലാസം | വയസ്സ് | അയൽക്കൂട്ടത്തിന്റെ പേര് | വാർഡ് നമ്പർ | ഗ്രൂപ്പ് പ്രസിഡന്റിന്റെ പേര് | ഗ്രൂപ്പ് സെക്രട്ടറിയുടെ പേര് | ലോൺ അനുവദിച്ച ബാങ്ക്, ബ്രാഞ്ച് | ജെ.എൽ.ജി.യുടെ അക്കൗണ്ട് നം. |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

**അനുബന്ധം 2**

## ഡി.എം.സി.യുടെ ശുപാർശ കത്ത്

**കത്ത് നം.**

പ്രേക്ഷിതൻ

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
കുടുംബശ്രീ, ......................... ജില്ല

സ്വീകർത്താവ്

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ, തിരുവനന്തപുരം

സർ,

വിഷയം: കുടുംബശ്രീ ....................................... ഗ്രാമപഞ്ചായത്ത് - ..............പദ്ധതി സബ്സിഡി അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന: ....................................... ഗ്രാമപഞ്ചായത്ത് സി.ഡി.എസ്സിന്റെ ................... തീയതിയിലെ ശുപാർശ

....................................... ഗ്രാമപഞ്ചായത്തിലെ .......... ഗ്രൂപ്പുകൾ ചേർന്ന് ............ പദ്ധതിക്കായുള്ള അപേക്ഷയും പ്രോജക്ട് റിപ്പോർട്ട് ബാങ്ക് അപ്രൂവൽ ലെറ്റർ മറ്റ് അനുബന്ധരേഖകൾ സമർപ്പിച്ചിരിക്കുന്നു. ഈ പദ്ധതിക്കായി ................. ബാങ്കിന്റെ ................ ശാഖയിൽ നിന്നും .............രൂപ വായ്പയും അനുവദിച്ചിട്ടുണ്ട്. ടി അപേക്ഷകൾ ജില്ലാ മിഷനിൽ പരിശോധിച്ച് നിലവിലുള്ള എം.ഇ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സബ്സിഡിക്ക് അർഹതയുള്ളതാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. ടി അപേക്ഷകൾ ജില്ലാ മിഷനിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതു പ്രകാരം താഴെപ്പറയുന്ന ഗ്രൂപ്പുകൾക്ക് സബ്സിഡി അനുവദിക്കുന്നതിന് അർഹതയുണ്ട്.

| **പഞ്ചായത്ത്** | **ഗ്രൂപ്പിന്റെ പേര്** | **ജെ.എൽ.ജി അംഗങ്ങളുടെ എണ്ണം** | **സബ്സിഡി തുക** | **ലോൺ അനുവദിച്ച ബാങ്ക്, ബ്രാഞ്ച്** | **ജെ.എൽ.ജി.യുടെ അക്കൗണ്ട് നം.** |
|---|---|---|---|---|---|
| | | | | | |
| | | | | | |

പദ്ധതിയുടെ അടങ്കൽ തുക ............ ആണ്. പദ്ധതിയുടെ ധനസ്രോതസ്സ് താഴെപറയും പ്രകാരമാണ്.

കുടുംബശ്രീ വിഹിതം ................. രൂപയാണ്. ഈ സമഗ്ര പദ്ധതിയ്ക്ക് അംഗീകാരം നൽകണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ